73/26-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| | |
|---|---|
| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട് |
| പരമാവധി മാർക്ക് : 100 | |

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യപുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യപുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.
   i. പദ്ധതി വഴി 14500-ൽ അധികം വിദ്യാലയങ്ങളുടെ വികസനം ലക്ഷ്യമിടുന്നു.
   ii. പിഎം ശ്രീ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.
   iii. 2023-ലാണ് ഈ പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത്.
   iv. പ്രധാൻ മന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ എന്നാണ് പദ്ധതിയുടെ പൂർണ്ണ രൂപം.

   A) i, ii, iv എന്നിവ
   B) എല്ലാം ശരിയാണ്
   C) ii, iii, iv എന്നിവ
   D) ii മാത്രം

2. താഴെ പറയുന്നവരിൽ 2026-ലെ പത്മ പുരസ്കാര ജേതാക്കളിൽ ഉൾപ്പെടാത്ത മലയാളി ആരാണ് ?
   A) മമ്മൂട്ടി
   B) എം. ടി. വാസുദേവൻ നായർ
   C) വി. എസ്. അച്യുതാനന്ദൻ
   D) വെള്ളാപ്പള്ളി നടേശൻ

3. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയ സാമൂഹ്യ പരിഷ്കർത്താവ് ആരാണ് ?
   A) ശ്രീനാരായണ ഗുരു
   B) വൈകുണ്ഠ സ്വാമികൾ
   C) ചട്ടമ്പി സ്വാമികൾ
   D) തൈക്കാട് അയ്യാ സ്വാമി

4. സ്ത്രീകളുടെ ക്ഷേമം ലക്ഷ്യമിട്ട് കേരള സർക്കാർ നടപ്പിലാക്കിയ 'സ്ത്രീ സുരക്ഷ പദ്ധതി' സംബന്ധിച്ച തെറ്റായ പ്രസ്താവനകൾ ഏതെല്ലാം ?
   i. പദ്ധതി പ്രകാരം 1,000 രൂപ പ്രതിമാസ ധനസഹായം നൽകുന്നു.
   ii. 35-നും 60-നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ സ്ത്രീകളും ട്രാൻസ്‌വുമണും ഗുണഭോക്താക്കൾ.
   iii. സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയവർക്ക് മാത്രം ആനുകൂല്യം.
   iv. 2026 ഫെബ്രുവരിയിൽ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു.

   A) i ഉം ii ഉം തെറ്റ്
   B) iii ഉം iv ഉം തെറ്റ്
   C) i, ii, iii, iv തെറ്റ്
   D) തെറ്റായ പ്രസ്താവനകൾ ഇല്ല

5. താഴെ പറയുന്നവരിൽ ദാദാ സാഹേബ് ഫാൽക്കേ പുരസ്കാരം നേടിയിട്ടുള്ള മലയാളികൾ ആരെല്ലാം ?

i. പ്രേം നസീർ

ii. മോഹൻലാൽ

iii. ജി. അരവിന്ദൻ

iv. അടൂർ ഗോപാലകൃഷ്ണൻ

A) i, ii, iii, iv
B) ii മാത്രം
C) i, ii എന്നിവ
D) ii, iv എന്നിവ

6. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതിയ നാമം വിബി-ജി റാം ജി എന്നാണ്. ഇതിന്റെ പൂർണ്ണ രൂപം എന്ത് ?

A) വികസിത് ഭാരത് – ഗൈഡ് ലൈൻ ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ)

B) വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അതിജീവൻ മിഷൻ (ഗ്രാമീൺ)

C) വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ)

D) വികസിത് ഭാരത് – ഗ്യാരന്റി ഫോർ റൈസിങ് ആന്റ് ആസ്പയറിങ് ഇന്ത്യ മിഷൻ (ഗ്രാമീൺ)

7. ആസാമിൽ വെച്ച് നടന്ന 79-ാം സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ ജേതാക്കളായ ടീം

A) കേരളം
B) പഞ്ചാബ്
C) പശ്ചിമബംഗാൾ
D) സർവീസസ്

8. ''നാൽക്കാലികളേക്കാളും താഴെയാണോ
ഇക്കാണും മാനുഷ സോദരൻമാർ.
ഇക്കാലത്തിരുപതാം നൂറ്റാണ്ടിലുമിതു
നീക്കാറായില്ലല്ലോ യോഗപ്പെണ്ണേ,''

എന്ന വരികൾ ഏത് സാമൂഹ്യപരിഷ്കർത്താവിന്റേതാണ് ?

A) കുമാരനാശാൻ
B) വാഗ്ഭടാനന്ദൻ
C) പണ്ഡിറ്റ് കറുപ്പൻ
D) ശ്രീനാരായണ ഗുരു

9. 2025-ലെ ജ്ഞാനപീഠ പുരസ്കാര ജേതാവ്

A) വിനോദ് കുമാർ ശുക്ല

B) ഡി. ജയകാന്തൻ

C) ആർ. വൈരമുത്തു

D) ഗുൽസാർ

10. 2026-ൽ ദി ഇന്ത്യ എ. ഐ. ഇംപാക്ട് ഉച്ചകോടിക്ക് വേദിയായ നഗരം

A) ഡൽഹി

B) ബെംഗളൂരു

C) ചെന്നൈ

D) ഹൈദരാബാദ്

11. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏതൊക്കെ ?

i. ഉത്തർപ്രദേശ് നേപ്പാളുമായി അതിർത്തി പങ്കിടുന്നു.

ii. ഇന്ത്യയിലെ 8 സംസ്ഥാനങ്ങളുമായി ഉത്തർപ്രദേശ് അതിർത്തി പങ്കിടുന്നു.

iii. ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം എന്ന് ഉത്തർപ്രദേശിനെ വിശേഷിപ്പിക്കുന്നു.

A) i മാത്രം ശരി

B) ii ഉം iii ഉം മാത്രം ശരി

C) i, ii, iii ഉം ശരി

D) i ഉം ii ഉം മാത്രം ശരി

12. താഴെ തന്നിരിക്കുന്നവയിൽ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതൊക്കെ ?

i. വടക്ക്-തെക്ക് ഇടനാഴി ശ്രീനഗറിനെ കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്നു.

ii. സുവർണ്ണ ചതുഷ്ക്കോണം ഡൽഹി, കൊൽക്കത്ത, മുംബൈ, ചെന്നൈ എന്നീ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു.

iii. കിഴക്ക്-പടിഞ്ഞാറ് ഇടനാഴി സിൽച്ചാറിനെ പോർബന്തറുമായി ബന്ധിപ്പിക്കുന്നു.

A) i, ii, iii ഉം ശരിയാണ്

B) i, ii ഉം മാത്രം ശരിയാണ്

C) ii, iii ഉം മാത്രം ശരിയാണ്

D) i, iii ഉം മാത്രം ശരിയാണ്

13. രാജസ്ഥാനിലുള്ള പ്രധാനപ്പെട്ട ഉപ്പുതടാകം ഏതാണ് ?
   A) സാംഭർ തടാകം
   B) ചിൽക്ക തടാകം
   C) ദാൽ തടാകം
   D) ലോക്താക് തടാകം

14. ഭിലായ് സ്റ്റീൽ പ്ലാന്റ് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏത് ?
   A) ചത്തീസ്ഗഢ്
   B) ഒഡീഷ
   C) പശ്ചിമ ബംഗാൾ
   D) തമിഴ്നാട്

15. ഭൂമിശാസ്ത്രപരമായി ഥാർ മരുഭൂമിയെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിക്കാം. അവ ഏതാണ് ?
   A) മരുസ്ഥലി, രാജസ്ഥാൻ ബാഗർ
   B) മരുസ്ഥലി, ഹിമാദ്രി
   C) മരുസ്ഥലി, ബാരൻദ്വീപ്
   D) രാജസ്ഥാൻ ബാഗർ, ബാരൻദ്വീപ്

16. കൃഷ്ണാനദി ഡെൽറ്റ മുതൽ കന്യാകുമാരി വരെ നീളുന്ന തീരസമതലഭാഗം ഏതാണ് ?
   A) കോറമാന്റൽ തീരം
   B) കിഴക്കൻ തീരസമതലം
   C) വടക്കൻ സിർ
   D) ഡക്കാൻ പീഠഭൂമി

17. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന വനവിഭാഗം ഏതാണ് ?
   A) നിത്യഹരിത വനങ്ങൾ
   B) പർവ്വതവനങ്ങൾ
   C) ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ
   D) ഉഷ്ണമേഖല മുൾക്കാടുകൾ

18. ഇന്ത്യയിലെ സെൻട്രൽ റെയിൽവേ സോണിന്റെ ആസ്ഥാനം എവിടെയാണ് ?
   A) ന്യൂഡൽഹി
   B) കൊൽക്കത്ത
   C) മുംബൈ CST
   D) മധ്യപ്രദേശ്

19. ഇന്ത്യയിൽ ആദ്യമായി റേഡിയോ പരിപാടി സംപ്രേഷണം ചെയ്ത വർഷം ഏതാണ് ?
   A) 1911
   B) 1923
   C) 1957
   D) 1983

20. ഭൗമതാപോർജ്ജനിലയമായ മണികരൺ ഏതു സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ?
   A) തമിഴ്നാട്
   B) രാജസ്ഥാൻ
   C) ഹിമാചൽപ്രദേശ്
   D) മുംബൈ

21. കേന്ദ്രസർക്കാരിന്റെ "ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് " എന്ന ആശയത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ ആരാണ് ?
   A) ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്
   B) റാംനാഥ് കോവിന്ദ്
   C) അമിത് ഷാ
   D) ജസ്റ്റിസ് യു. യു. ലളിത്

22. പ്ലാനിങ് കമ്മീഷന് പകരമുള്ള പുതിയ സംവിധാനമായ 'നീതി ആയോഗിലെ' നീതി (NITI) യുടെ പൂർണ്ണരൂപം
   A) നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിങ് ഇന്ത്യ
   B) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫറിങ് ഇന്ത്യ
   C) നാഷണൽ ഇന്റഗ്രേറ്റഡ് ട്രാൻസ്ഫോർമേഷൻ ഇന്ത്യ
   D) നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രേഡ് ഇന്ത്യ

23. 2026-ലെ ബ്രിക്സ് അധ്യക്ഷതയ്ക്കായി ഇന്ത്യ പുറത്തിറക്കിയ ലോഗോ ഏത് ദേശീയ ചിഹ്നത്തിൽ നിന്നാണ് പ്രചോദനം ഉൾക്കൊണ്ടത് ?

A) മയിൽ

B) അശോകചക്രം

C) താമര

D) ദേശീയ പതാക

24. ഇന്ത്യ-യുഎസ്എ ബന്ധത്തെക്കുറിച്ചുള്ള ചില പ്രസ്താവനകൾ ചുവടെ ചേർക്കുന്നു. ഈ പ്രസ്താവനകളിൽ ശരിയേത് ?

a. 1954-ൽ പാക്കിസ്ഥാൻ പ്രധാന അംഗമായി യു. എസ്. സീറ്റോ, സെന്റോ എന്നീ സൈനീക സംഘടനകൾ രൂപീകരിച്ചപ്പോൾ ഇന്ത്യ-യു. എസ്. ബന്ധത്തിന് വലിയ തിരിച്ചടി നേരിട്ടു.

b. അമേരിക്കയുമായുള്ള സാമ്പത്തിക ബന്ധം വികസിപ്പിക്കാൻ സഹായിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യ ആരംഭിക്കുന്നു.

c. ശീതയുദ്ധരാഷ്ട്രീയത്തിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടാൻ വിസമ്മതിച്ച നെഹ്റു, വിദേശ നയത്തിലും, ബന്ധങ്ങളിലും ഇന്ത്യയ്ക്ക് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം നൽകുക എന്ന ലക്ഷ്യത്തോടെ ചേരിചേരാ നയം സ്വീകരിച്ചു.

A) a, b, c

B) b, c

C) a, c

D) c മാത്രം

25. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കാൻ ഇന്ത്യാഗവൺമെന്റ് നിയമിച്ച കമ്മീഷൻ ഏതാണ് ?

A) സർദാർ വല്ലഭായ് പട്ടേൽ കമ്മീഷൻ

B) ഫസൽ അലി കമ്മീഷൻ

C) രാജേന്ദ്രപ്രസാദ് കമ്മീഷൻ

D) മൗണ്ട് ബാറ്റൺ കമ്മീഷൻ

26. 2026-ലെ ബ്രിക്സ് (BRICS) ഉച്ചകോടിയിൽ അധ്യക്ഷത വഹിക്കുന്ന രാജ്യം ഏതാണ് ?

A) ബ്രസീൽ
B) റഷ്യ
C) ചൈന
D) ഇന്ത്യ

27. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിനോബ ഭാവേ ആരംഭിച്ച ഭൂരഹിതരായ കർഷകർക്ക് ഭൂമി വിതരണം ചെയ്യുക എന്ന ലക്ഷ്യമിട്ട സാമൂഹിക മുന്നേറ്റം ഏതാണ് ?

A) ചിപ്കോ പ്രസ്ഥാനം
B) സർവോദയ പ്രസ്ഥാനം
C) ഭൂദാൻ പ്രസ്ഥാനം
D) ഹരിജൻ സേവക്സംഘ്

28. 1916-ലെ പ്രസിദ്ധമായ ലഖ്നൗ ഉടമ്പടി ________ തമ്മിൽ ഒപ്പുവച്ചു.

A) മഹാത്മാഗാന്ധിയും, ആഗാഖാനും
B) ബാലഗംഗാധരതിലകും, മുഹമ്മദ് അലി ജിന്നയും
C) മഹാത്മാഗാന്ധിയും, മുഹമ്മദ് അലി ജിന്നയും
D) ബാലഗംഗാധരതിലകും, ആഗാഖാനും

29. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച കാലഘട്ടത്തിൽ നിലനിന്നിരുന്ന സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനയേത് ?

A) ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ഉടൻ തന്നെ ഫ്രഞ്ച് ഭരണത്തിലായിരുന്ന ഗോവ ഇന്ത്യൻ യൂണിയനിൽ ലയിച്ചു.

B) സംസ്ഥാനങ്ങളുടെ ഭാഷാടിസ്ഥാനത്തിലുള്ള പുന:സംഘടനയ്ക്കായി ഇന്ത്യാ ഗവണ്മെന്റ് നിയോഗിച്ച കമ്മീഷനാണ് 'ധർ കമ്മീഷൻ'.

C) 1950-ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ ഇന്ത്യ ഒരു സോവറിൻ, ഡെമോക്രാറ്റിക്, റിപ്പബ്ലിക് ആയിരുന്നില്ല.

D) ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച വർഷം തന്നെ ജമ്മുകാശ്മീർ ഇന്ത്യയുടെ ഭാഗമായി മാറി.

30. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ പ്രകാരമാണ് ''സുരക്ഷിതമായ റോഡ് യാത്രയ്ക്കുള്ള അവകാശം'' അംഗീകരിച്ചത് ?

A) ആർട്ടിക്കിൾ – 14
B) ആർട്ടിക്കിൾ – 19
C) ആർട്ടിക്കിൾ – 21
D) ആർട്ടിക്കിൾ – 32

31. ഓപ്പറേഷൻ തൂഫാൻ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) മദ്യം
B) മയക്കുമരുന്ന്
C) പുകയില
D) ഇവയൊന്നുമല്ല

32. ബങ്കിംചന്ദ്ര ചാറ്റർജിയുടെ ഏതു നോവലിൽ നിന്നാണ് ദേശീയഗീതം എടുത്തത് ?

A) കപൽകുണ്ഡല
B) ദുർഗ്ഗേശനന്ദിനി
C) ആനന്ദമഠം
D) ബൃഷബൃക്ഷ

33. 2006-ൽ റിസർവ് ബാങ്ക് 5 രൂപ നാണയം ഇറക്കിയത് ആരുടെ സ്മരണാർത്ഥമാണ് ?

A) ഡോ. പൽപ്പു
B) കുമാരനാശാൻ
C) ശ്രീനാരായണ ഗുരു
D) അയ്യങ്കാളി

34. ഡോ. അയ്യനാർ ഗോപാലനെ 'കേരളത്തിന്റെ രാജാറാം മോഹൻറോയ് ' എന്ന് വിശേഷിപ്പിച്ചതാര് ?

A) സ്വാമി വിവേകാനന്ദൻ
B) രബീന്ദ്രനാഥ ടാഗോർ
C) ഡോ. അംബേദ്കർ
D) ഇ. വി. രാമസ്വാമിനായ്ക്കർ

35. ഏത് വർഷമാണ് പിംഗലി വെങ്കയ്യ ദേശീയപതാകയുടെ മാതൃക ഗാന്ധിജിക്ക് സമർപ്പിച്ചത് ?

A) 1922
B) 1920
C) 1923
D) 1921

36. ദേശീയപതാകയിലെ അശോകചക്രത്തിന്റെ നിറം

A) നേവി ബ്ലൂ
B) ആകാശ നീല
C) ഇളം നീല
D) കടും നീല

37. ദേശീയഗാനം പാടുന്നത് ഏതു രാഗത്തിലാണ് ?

A) കല്യാണി

B) ശങ്കരാഭരണം

C) ഹിന്ദോളം

D) പഞ്ചമം

38. നിലവിലെ കേരള നിയമസഭയിലെ വനിതാ എം. എൽ. എ. മാരുടെ എണ്ണം

A) 12

B) 10

C) 13

D) 11

39. SIR താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് ?

A) മണ്ഡല ക്രമീകരണം

B) ന്യൂനപക്ഷ സംരക്ഷണം

C) സ്ത്രീസുരക്ഷ

D) വോട്ടർപട്ടിക

40. കൊക്രോച്ച് ജനതാപാർട്ടി ആരംഭിച്ചത്

A) 2026 മെയ് 18

B) 2026 മെയ് 17

C) 2026 മെയ് 16

D) 2026 മെയ് 19

41. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി പെരിയാർ നദിയുടെ തീരത്താണ്.

ii. പെരിയാർ നദിയുടെ തീരത്ത് ആറന്മുള, ചെങ്ങന്നൂർ, മാരാമൺ, എടത്വ തുടങ്ങിയ മതപരമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നു.

iii. പ്രശസ്തമായ ശിവരാത്രി ഉത്സവം നടക്കുന്ന ആലുവ പെരിയാറിന്റെ തീരത്താണ്.

A) i and ii

B) ii and iii

C) i and iii

D) i, ii and iii (എല്ലാം ശരിയാണ്)

42. താഴെ തന്നിരിക്കുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദികൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

A) കബനി, ഭവാനി, പാമ്പാർ

B) കബനി, പമ്പ, ഭാരതപ്പുഴ

C) കബനി, ഭവാനി, പെരിയാർ

D) പമ്പ, പെരിയാർ, ഭാരതപ്പുഴ

43. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകം കേരളത്തിലെ പ്രസിദ്ധമായ ശുദ്ധജല തടാകമാണ്.

ii. ശാസ്താംകോട്ട തടാകത്തിന്റെ തീരത്ത് പ്രശസ്തമായ ശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്നു.

iii. മാമാങ്കം നടക്കുന്ന തിരുനാവായ ശാസ്താംകോട്ട തടാകത്തിന്റെ തീരത്താണ്.

A) i and ii

B) ii and iii

C) i and iii

D) i, ii and iii (എല്ലാം ശരിയാണ്)

44. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയാണ് ഇടുക്കി ജലവൈദ്യുത പദ്ധതി.

ii. പെരിയാർ നദിക്ക് കുറുകെ ഇടുക്കി, ചെറുതോണി, കുളമാവ് എന്നീ അണകെട്ടുകൾ ചേർന്നാണ് ഇടുക്കി ജലവൈദ്യുത പദ്ധതി പ്രവർത്തിക്കുന്നത്.

iii. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭൂഗർഭ പവർഹൗസ് മൂലമറ്റത്താണ്.

A) i and ii

B) ii and iii

C) i and iii

D) i, ii and iii (എല്ലാം ശരിയാണ്)

45. കേരള നിയമസഭയുടെ ഇപ്പോഴത്തെ ഡെപ്പ്യൂട്ടി സ്പീക്കർ ആരാണെന്ന് തിരിച്ചറിയുക.

A) തിരുവഞ്ചൂർ രാധാകൃഷ്ണൻ

B) ഷാനിമോൾ ഉസ്മാൻ

C) എം. വി. രാജേഷ്

D) എ. എൻ. ഷംസീർ

46. കേരളത്തിലെ ഇപ്പോഴത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആരാണെന്ന് തിരിച്ചറിയുക.

A) എം. ഷംസുദീൻ
B) ബിന്ദു കൃഷ്ണ
C) റോജി. എം. ജോൺ
D) ശിവൻകുട്ടി

47. താഴെ തന്നിരിക്കുന്നവരിൽ 'അരയ സമാജ സ്ഥാപകൻ' ആരെന്നു കണ്ടെത്തുക.

A) പൊയ്കയിൽ യോഹന്നാൻ
B) വക്കം അബ്ദുൾ വാദർ മൗലവി
C) അയ്യങ്കാളി
D) പണ്ഡിറ്റ് കെ. പി. കറുപ്പൻ

48. താഴെ തന്നിരിക്കുന്നവയിൽ നിന്നും ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന ജില്ല ഏതെന്നു കണ്ടെത്തുക.

A) എറണാകുളം
B) തിരുവനന്തപുരം
C) കോഴിക്കോട്
D) കണ്ണൂർ

49. കേരള സംസ്ഥാന സർക്കാർ നൽകുന്ന ഉന്നത കായിക ബഹുമതി ഏതെന്നു കണ്ടെത്തുക.

A) ജി. വി. രാജാ പുരസ്കാരം
B) സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്
C) കേരള ജ്യോതി അവാർഡ്
D) കേരള പ്രഭാ അവാർഡ്

50. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. കേരളത്തിന്റെ തെക്കെ അറ്റത്തുള്ള വന്യജീവിസങ്കേതമാണ് നെയ്യാർ വന്യജീവി സങ്കേതം.

ii. നെയ്യാർ വനമേഖലയിലാണ് കേരളത്തിലെ രണ്ടാമത്തെ ഉയരം കൂടിയ കൊടുമുടിയായ അഗസ്ത്യാർകൂടം സ്ഥിതിചെയ്യുന്നത്.

iii. ഇക്കോ-ടൂറിസം കേന്ദ്രമായ നെയ്യാർ വന്യജീവിസങ്കേതത്തിലാണ് കേരളത്തിലെ ഏക ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നത്.

A) i and ii
B) ii and iii
C) i and iii
D) i, ii and iii (എല്ലാം ശരിയാണ്)

51. അയ്യങ്കാളിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i. ദക്ഷിണേന്ത്യയിൽ ആദ്യത്തെ കണ്ണാടി പ്രതിഷ്ഠ നടത്തി.

ii. കല്ലുമാല സമരം സംഘടിപ്പിച്ചു.

iii. സാധുജനപരിപാലനയോഗം സ്ഥാപിച്ചു.

A) i and ii

B) ii and iii

C) i and iii

D) എല്ലാം ശരിയാണ് (i, ii and iii)

52. സാമൂഹ്യപരിഷ്കർത്താവായ വി. ടി. ഭട്ടതിരിപ്പാടുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന പേരിൽ നാടകം പ്രസിദ്ധീകരിച്ചു.

ii. സ്ത്രീധനസമ്പ്രദായത്തെയും പ്രായം കുറഞ്ഞ പെൺകുട്ടികളെ പ്രായമേറിയ പുരുഷന്മാർ വിവാഹം കഴിക്കുന്ന രീതിയേയും ചെറുത്തു.

iii. 1846-ൽ കോട്ടയത്ത് മാന്നാനത്ത് ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചു.

A) i and ii

B) ii and iii

C) i and iii

D) എല്ലാം ശരിയാണ് (i, ii and iii)

53. പാലിയം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. 1947 മുതൽ 1948 മാർച്ച് വരെ നടന്ന പാലിയം സത്യാഗ്രഹം അയിത്തോച്ചാടനത്തിനെതിരെ നടന്ന പ്രക്ഷോഭമായിരുന്നു.

ii. കൊച്ചിയിലെ മുൻമന്ത്രിമുഖ്യനായിരുന്ന പാലിയത്തച്ചന്റെ ചേന്നമംഗലത്തുള്ള വീടിനു മുന്നിലുള്ള റോഡിൽകൂടി നടക്കാനുള്ള അവർണരുടെ ശ്രമങ്ങൾ സംഘർഷത്തിലേക്ക് നയിച്ചു.

iii. സത്യാഗ്രഹികളിലൊരാളായ എ. ജി. വേലായുധന്റെ മരണത്തെ തുടർന്ന് സത്യാഗ്രഹം പിൻവലിച്ചു.

A) i and ii

B) ii and iii

C) i and iii

D) എല്ലാം ശരിയാണ് (i, ii and iii)

54. 'പ്രാചീനമലയാളം' എന്ന ഗ്രന്ഥം എഴുതിയതാര് ?

A) എഴുത്തച്ഛൻ

B) ചെറുശ്ശേരി

C) ചട്ടമ്പിസ്വാമികൾ

D) വൈകുണ്ഠസ്വാമികൾ

55. ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. ശ്രീധർമ്മ സമത്വ സമാജം സ്ഥാപിച്ചു.

ii. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്നത് അദ്ദേഹത്തിന്റെ പ്രസിദ്ധമായ വചനമായിരുന്നു.

iii. ആത്മോപദേശ ശതകം, ദൈവ ദശകം, ദർശനമാല, നവമഞ്ജരി, ശിവശതകം മുതലായവ അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങൾ ആണ്.

A) i and ii

B) ii and iii

C) i and iii

D) എല്ലാം ശരിയാണ് (i, ii and iii)

56. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. സി. കേശവൻ, ടി. എം. വർഗ്ഗീസ്, എൻ. വി. ജോസഫ്, പി. കെ. കുഞ്ഞ് എന്നിവരുടെ നേതൃത്വത്തിൽ അഖില തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ സമിതി നിവർത്തന പ്രക്ഷോഭം ആരംഭിച്ചു.

ii. ശ്രീമൂലം പ്രജാസഭയിലേക്ക് സ്വത്തടിസ്ഥാനത്തിനു പകരം ജനസംഖ്യാടിസ്ഥാനത്തിൽ വോട്ടവകാശം ആവശ്യപ്പെട്ടായിരുന്നു സമരം സംഘടിപ്പിച്ചത്.

iii. ഉത്തരവാദ ഭരണം നേടുന്നതിനായി പട്ടം A താണുപിള്ള ആദ്യ പ്രസിഡന്റായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കപ്പെട്ടു.

A) i and ii

B) ii and iii

C) i and iii

D) എല്ലാം ശരിയാണ് (i, ii and iii)

57. കണ്ണൂരിൽ നിന്നും മദ്രാസ് വരെ പട്ടിണി ജാഥക്ക് നേതൃത്വം നൽകിയത് ആരാണെന്നു കണ്ടെത്തുക.

A) എ. കെ. ഗോപാലൻ

B) കെ. കേളപ്പൻ

C) മന്നത്ത് പത്മനാഭൻ

D) ജി. പി. പിള്ള

58. 1936-ൽ തൃശ്ശൂർ പട്ടണത്തിലെ വൈദ്യുതിവിതരണം സ്വകാര്യ ഏജൻസിയെ ഏല്പിക്കാൻ തീരുമാനിച്ച ദിവാൻ ആരെന്നു കണ്ടെത്തുക.

A) സി. പി. രാമസ്വാമി അയ്യർ

B) ഷൺമുഖപോറ്റി

C) ഷൺമുഖം ചെട്ടി

D) സി. കേശവൻ

59. മലബാർ കലാപവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i. വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, സീതി കോയതങ്ങൾ, അലി മുസലിയാർ എന്നിവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ആധിപത്യത്തിനും ഭൂപ്രഭുത്വത്തിനും എതിരായി മലബാറിൽ കലാപം നടന്നു.

ii. തൊണ്ണൂറ് മാപ്പിളകലാപകാരികളിൽ 61 പേർ തൃശ്ശൂരിൽ നിന്നും കോയമ്പത്തൂരിലേക്ക് പോയ അടച്ചു പൂട്ടിയ ഗുഡ്സ് വാഗണിൽ യാത്ര മധ്യേ ശ്വാസം മുട്ടി മരണമടഞ്ഞു.

iii. മലബാർ കലാപവുമായി ബന്ധപ്പെട്ട ദാരുണ സംഭവമാണ് 'വാഗൻ ദുരന്തം'.

A) i and ii

B) i and iii

C) ii and iii

D) എല്ലാം ശരിയാണ് (i, ii and iii)

60. കേരളത്തിൽ മയക്കുമരുന്നിന്റെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ കേരളാ പോലീസ് 2026 ജൂൺ ഒന്നുമുതൽ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതി ഏതാണെന്നു കണ്ടെത്തുക.

A) ഓപ്പറേഷൻ ഡി' ഹണ്ട്

B) ഓപ്പറേഷൻ ഉണർവ്

C) ഓപ്പറേഷൻ യോദ്ധാവ്

D) ഓപ്പറേഷൻ തൂഫാൻ

61. മനുഷ്യമസ്തിഷ്കം, നാഡീവ്യൂഹത്തിന്റെ പ്രധാന അവയവമാണ്. ഇത് ശരീരത്തിന്റെ മുഴുവൻ നിയന്ത്രണ കേന്ദ്രമായി പ്രവർത്തിക്കുന്നു. മസ്തിഷ്കത്തെയും, സുഷുമ്നാ നാഡിയേയും പൊതിഞ്ഞു സംരക്ഷിക്കുന്ന പാളി ഏതാണ് ?

A) മെനിഞ്ചസ്

B) സിറസ് മെംബ്രയ്ൻ

C) സൈനോവിയൽ മെംബ്രയ്ൻ

D) ക്യൂട്ടേനിയസ് മെംബ്രയ്ൻ

62. ഹൃദയം ഒരു പമ്പ് പോലെ പ്രവർത്തിച്ച് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജൻ അടങ്ങിയ ശുദ്ധരക്തം എത്തിക്കുകയും തിരിച്ച് കാർബൺ ഡൈ ഓക്സയിഡ് അടങ്ങിയ അശുദ്ധരക്തം ശ്വാസകോശത്തിൽ എത്തിച്ച് ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഹൃദയത്തിൽ നിന്നും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് രക്തം വഹിച്ചു കൊണ്ടുപോകുന്ന രക്തക്കുഴൽ ഏതാണ് ?

A) സിരകൾ

B) ധമനികൾ

C) സൂക്ഷ്മരക്തക്കുഴലുകൾ

D) ലസിക നാളികൾ

63. കുട്ടികളിൽ റിക്കറ്റ്സ് (Rickets) ഉണ്ടാകുന്നത് ഏത് വിറ്റാമിന്റെ കുറവ് മൂലമാണ് ?

A) വിറ്റാമിൻ A

B) വിറ്റാമിൻ D

C) വിറ്റാമിൻ C

D) വിറ്റാമിൻ E

64. കാൻസറിന് കാരണമാകുന്ന വസ്തുക്കളെ അല്ലെങ്കിൽ ഘടകങ്ങളെ പൊതുവായി വിളിക്കുന്ന പേര് എന്താണ് ?

A) ആന്റിബോഡികൾ

B) ആന്റിഓക്സിഡന്റുകൾ

C) പത്തൊജനുകൾ

D) കാർസിനോജനുകൾ

65. ''ഒരു മരം നടുമ്പോൾ ഒരു ജീവനാണ് ജനിക്കുന്നത്. എന്നാൽ വനങ്ങൾ നശിപ്പിക്കുമ്പോൾ ഒരു സംസ്കാരമാണ് ഇല്ലാതാകുന്നത്.'' വന നശീകരണം മൂലം അന്തരീക്ഷത്തിൽ ഏത് വാതകത്തിന്റെ അളവാണ് വർദ്ധിക്കുന്നത് ?

A) നൈട്രജൻ ($N_2$)

B) കാർബൺ ഡൈഓക്സൈഡ് ($CO_2$)

C) ഓക്സിജൻ ($O_2$)

D) ഹൈഡ്രജൻ ($H_2$)

66. കടൽ തീരങ്ങളിലും ഉപ്പുരസമുള്ള ജലാശയങ്ങൾക്ക് സമീപവും വളരുന്ന വനങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?

A) ആൽപൈൻ വനങ്ങൾ

B) കണ്ടൽ വനങ്ങൾ

C) മഴക്കാടുകൾ

D) ഇലപൊഴിയും വനങ്ങൾ

67. താഴെ പറയുന്നവയിൽ ഏതാണ് ഒരു പ്രദേശത്തെ പ്രാഥമിക ഉത്പാദകർ ആയി കണക്കാക്കപ്പെടുന്നത് ?

A) സസ്യഭുക്കുകൾ

B) മാംസഭുക്കുകൾ

C) ഹരിതസസ്യങ്ങൾ

D) ബാക്ടീരിയകൾ

68. അന്തരീക്ഷത്തിലെ ഓസോൺ പാളിയുടെ തകർച്ചക്ക് കാരണമാകുന്ന പ്രധാന വില്ലൻ ഏതാണ് ?

A) കാർബൺ ഡൈഓക്സൈഡ് ($CO_2$)

B) ക്ലോറോ ഫ്ലൂറോ കാർബൺ (CFC)

C) മീഥെൻ ($CH_4$)

D) സൾഫർ ഡൈഓക്സൈഡ് ($SO_2$)

69. ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റു ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതി ഏതാണ് ?

A) താലോലം

B) ആരോഗ്യകിരണം

C) ആശ്വാസകിരണം

D) മാതൃയാനം

70. സമുദ്ര നിരപ്പിൽ നിന്നും ഉയർന്ന പ്രദേശങ്ങളിൽ കൃഷിചെയ്യുന്ന 'സുഗന്ധ വ്യഞ്ജനങ്ങളുടെ രാജ്ഞി' എന്നറിയപ്പെടുന്ന വിള ഏതാണ് ?

A) ഗ്രാമ്പു

B) ഏലക്ക

C) ഇഞ്ചി

D) കറുവാപ്പട്ട

71. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക.

i. ദ്രവ്യമാനം എല്ലായിടത്തും സ്ഥിരമാണ്.

ii. ഭാരം സ്ഥലത്തിനനുസരിച്ച് മാറുന്നു.

iii. ചന്ദ്രനിൽ ഒരു വസ്തുവിന്റെ ദ്രവ്യമാനം കുറയുന്നു.

iv. ചന്ദ്രനിൽ ഒരു വസ്തുവിന്റെ ഭാരം കുറയുന്നു.

A) i, ii മാത്രം ശരി

B) i, ii, iv മാത്രം ശരി

C) ii, iii, iv മാത്രം ശരി

D) i, iii മാത്രം ശരി

72. താഴെ തന്നിരിക്കുന്ന ജോടികളിൽ ഏതാണ് ഐസോടോപ്പുകൾ ?

A) $^{14}C$, $^{12}C$

B) $^{40}Ar$, $^{40}Ca$

C) $^{14}N$, $^{14}C$

D) $^{23}Na$, $^{24}Mg$

73. ഒരു ഫ്യൂസ് വയറിന് ഉണ്ടായിരിക്കേണ്ട ഗുണം

A) ഉയർന്ന ദ്രവണാങ്കം

B) കുറഞ്ഞ ദ്രവണാങ്കം

C) ഉയർന്ന സാന്ദ്രത

D) കുറഞ്ഞ നീളം

74. തുരുമ്പ് പ്രധാനമായും

A) അയൺ സൾഫൈഡ്

B) അയൺ ഓക്സൈഡ്

C) അയൺ കാർബണേറ്റ്

D) അയൺ ക്ലോറൈഡ്

75. താഴെ തന്നിരിക്കുന്നവയിൽ താപശോഷക പ്രവർത്തനം ഏതാണ് ?

A) പ്രകാശ സംശ്ലേഷണം

B) കൽക്കരിയുടെ കത്തൽ

C) ശ്വസനം

D) ന്യൂട്രലൈസേഷൻ

76. ഭൂമിയെ ചുറ്റി ഭ്രമണം ചെയ്യുന്ന ബഹിരാകാശ നൗകയിലെ യാത്രികർക്ക് ഭാരമില്ലാത്ത അവസ്ഥ അനുഭവപ്പെടുന്നു ? കാരണം

A) ബഹിരാകാശത്ത് ഗുരുത്വാകർഷണമില്ല

B) നൗകയും യാത്രികരും ഒരുമിച്ച് സ്വാതന്ത്രപതനത്തിലാണ്

C) നൗക ഗുരുത്വാകർഷണ ബലത്തെ തടയുന്നു

D) അന്തരീക്ഷത്തിന് മുകളിലെത്തുമ്പോൾ ഗുരുത്വാകർഷണ ബലം പൂജ്യമാകുന്നു

77. ഭൂമിയിൽ അന്തരീക്ഷം ഇല്ലായിരുന്നുവെങ്കിൽ പകൽ സമയത്ത് ആകാശം

A) നീല

B) വെളുപ്പ്

C) ചുവപ്പ്

D) കറുപ്പ്

78. ജലത്തിൽ മുങ്ങിയ നാണയം ഉയരത്തിൽ കാണപ്പെടുന്നത്

A) പ്രതിഫലനം B) അപവർത്തനം

C) വ്യതികരണം D) വിസരണം

79. ഇടിമിന്നലുള്ള സമയത്ത് മിന്നൽ ആദ്യം കാണുകയും ഇടിയുടെ ശബ്ദം പിന്നീട് കേൾക്കുകയും ചെയ്യുന്നു. കാരണം

A) പ്രകാശം കൂടുതൽ തിളക്കമുള്ളതാണ്

B) ശബ്ദം കൂടുതൽ ദൂരം സഞ്ചരിക്കുന്നു

C) പ്രകാശത്തിന്റെ വേഗത ശബ്ദത്തേക്കാൾ വളരെ കൂടുതലാണ്

D) മിന്നൽ ഇടിക്ക് മുമ്പ് ഉണ്ടാകുന്നു

80. താഴെ പറയുന്നവയിൽ ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നത്

A) വിനാഗിരി

B) നാരങ്ങനീര്

C) സോഡിയം ഹൈഡ്രോക്സൈഡ് സൊല്യൂഷൻ

D) നേർത്ത ഹൈഡ്രോക്ലോറിക് ആസിഡ്

81. $27 \div 9 + 6 \times 4 - 6 =$

A) 22 B) 23 C) 21 D) 24

82. $\frac{3}{4} + \frac{1}{6} =$

A) $\frac{11}{12}$ B) $\frac{10}{12}$ C) $\frac{7}{12}$ D) $\frac{5}{12}$

83. $\frac{6.5 \times 0.28 \times 0.5}{0.07 \times 0.13 \times 2.5} =$

A) 45 B) 40 C) 42 D) 44

84. $35^2 =$

A) 625 B) 925 C) 1225 D) 1025

85. $\sqrt{841} =$

A) 29 B) 31 C) 27 D) 23

86. ആദ്യ 10 എണ്ണൽ സംഖ്യകളുടെ ശരാശരി എത്ര ?

A) 4.5 B) 5.3 C) 5.0 D) 5.5

87. 1,500 രൂപ വിലയുള്ള കസേര 15% ലാഭം കിട്ടുവാൻ എത്ര രൂപക്ക് വില്ക്കണം ?

A) ₹ 1,525 B) ₹ 1,725

C) ₹ 1,825 D) ഇവയൊന്നുമല്ല

88. 18, 90, 108 എന്നീ സംഖ്യകളുടെ ഉ. സാ. ഘ എത്ര ?

A) 12 B) 9 C) 18 D) 6

89. ഒരു ലോറിയുടെ ശരാശരി വേഗത 56 km/hr ആണെങ്കിൽ ആ ലോറി 3 മണിക്കൂർ 15 മിനിറ്റ് കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

A) 132 km B) 182 km C) 126 km D) 168 km

90. രണ്ട് സംഖ്യകളുടെ ഉ. സാ. ഘ. 25 ഉം ല. സാ. ഗു. 1500 ഉം ആണ്. ഒരു സംഖ്യ 50 ആണെങ്കിൽ, രണ്ടാമത്തെ സംഖ്യ ഏതാണ് ?

A) 1250 B) 900 C) 1000 D) 750

91. 1, 2, 4, ... എന്ന ശ്രേണിയിലെ 10-ാം പദം എത്ര ?

A) 144 B) 512 C) 1024 D) 256

92. താഴെ തന്നിരിക്കുന്ന ഭിന്നസംഖ്യകളിൽ ഏറ്റവും ചെറുത് ഏത് ?

$\frac{2}{5}, \frac{7}{10}, \frac{3}{4}, \frac{2}{1}$

A) $\frac{3}{4}$ B) $\frac{2}{5}$ C) $\frac{2}{1}$ D) $\frac{7}{10}$

93. രണ്ട് സംഖ്യകളിൽ ആദ്യത്തേത് രണ്ടാമത്തേതിന്റെ അഞ്ചിരട്ടിയാണ്. സംഖ്യകളുടെ തുക 96 ആയാൽ ചെറിയ സംഖ്യ ഏത് ?

A) 16 B) 80 C) 30 D) 36

94. ഒരു ക്ലാസിലെ 20 കുട്ടികളുടെ ശരാശരി വയസ്സ് 12. ടീച്ചറുടെ വയസ്സും കൂടി കൂട്ടിയാൽ ക്ലാസിലെ ശരാശരി വയസ്സ് 2 കൂടും എങ്കിൽ ടീച്ചറുടെ വയസ്സ് എത്ര ?

A) 50 B) 52 C) 54 D) 45

95. ഒറ്റയാനെ കണ്ടെത്തുക.

A) 343 B) 433 C) 341 D) 431

96. $2^{x+1} = 1024$ ആയാൽ x-ന്റെ വില എത്ര ?

A) 8 B) 7 C) 6 D) 9

97. ഒരു വരിയിൽ കിരൺ മുന്നിൽ നിന്ന് എട്ടാമതും, പിന്നിൽ നിന്ന് ഇരുപത്തി അഞ്ചാമതും ആണെങ്കിൽ ആ വരിയിൽ ആകെ എത്ര പേരുണ്ട് ?

A) 25 B) 32 C) 31 D) 33

98. + എന്നാൽ ÷ ഉം, – എന്നാൽ × ഉം, × എന്നാൽ + ആയാൽ

$100 + 10 - 20 \times 5 =$

A) 200 B) 105 C) 100 D) 205

99. അടുത്ത പദം കണ്ടെത്തുക.

BEG, JMO, RUW, __________

A) ZBD B) VBD C) ZCE D) VCE

100. 1 നും 50 നും ഇടയ്ക്ക് വരുന്ന ഇരട്ടസംഖ്യകളുടെ തുക എത്ര ?

A) 650 B) 600 C) 500 D) 550

## Space for Rough Work